1) ചെറിയനാട് പഞ്ചായത്തിലെ 7-ാം വാർഡിലെ ഇല്ലിമുളം മാപ്ര പാടശേഖരത്തിലെ ബണ്ടിന്റെ സംരക്ഷണവും പുനരുദ്ധാരണവും II-ാം ഭാഗം (10% പണി പൂർത്തിയാകാനുണ്ട്)

2) ജില്ലാപഞ്ചായത്തിലെ രണ്ടും നാലും വാർഡിൽപ്പെടുന്ന പനത്തപ്പള്ളി തോടിന് കുറുകെ ഒരു ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം (പണി തുടങ്ങിയിട്ടില്ല.)

(ബി) ഫണ്ടിന്റെ അഭാവമാണ് കാലതാമസത്തിന് കാരണം.

(സി) നെൽക്കൃഷിക്ക് വെള്ളം പമ്പു ചെയ്യുന്നതിനുവേണ്ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മെയിന്റനൻസിനും അറ്റകുറ്റപ്പണികൾക്കുമായി 7,37,418/-രൂപാ ചെലവഴിച്ചിട്ടുണ്ട്.

33 (942) കാസർഗോഡ് ജില്ലയിലെ കളനാട് ശുദ്ധജലവിതരണ പദ്ധതി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കളനാട് ശുദ്ധജലവിതരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിക്ക് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ.ആർ.പി.യുടെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കളനാടിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ അംഗീകാരവും ധനസഹായവും ലഭിക്കാൻ സാധ്യത കുറവായതിനാൽ നേരത്തെ തയ്യാറാക്കിയ പദ്ധതി പരിഷ്കരിച്ച് എൽ.ഐ.സി.യുടെ ധനസഹായത്തിനായി സമർപ്പിക്കാനുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു.

(സി) എൽ.ഐ.സി.യുടെ നിബന്ധകളനുസരിച്ചുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ജലസ്രോതസ്സിന്റെ വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

34 (943) ഏറ്റുമാനൂരിൽ ശുദ്ധജലവിതരണം

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂരിലും സമീപ വില്ലേജുകളിലേക്കുമുള്ള എ.ആർ. ഡബ്ലിയു.എസ്.എസ്.പദ്ധതിയിൽപ്പെടുത്തി ശുദ്ധജല വിതരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതിയുടെ നിർമ്മാണ ജോലികൾ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly